# സി.പി.എൻ.എസ് ജി.എച്ച്.എസ്.എസ്
# മാതമംഗലം



# ഫ്രീ വിംഗ്സ്

## ഡിജിററൽ മാഗസിൻ

ലിററിൽ കൈററ്സ് 2022-25

# ആമുഖം

2023-24 വർഷത്തിലെ ഒൻപതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ സി. പി. എൻ. എസ് ജി.എച്ച്.എസ് എസ് മാതമംഗലത്തിന് വേണ്ടി സമർപ്പിക്കുന്നു . സ്ക്കൂളിൽ ഈ അധ്യയന വർഷത്തിൽ നടന്ന വിവിധ പ്രവർത്തനങ്ങൾ,  കുട്ടുകാരുടെ രചനകൾ തുടങ്ങിയവ ഇതിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട് ഈ മാഗസിൻ തയ്യാറാക്കാൻ പൂർണ്ണ പിന്തുണ നൽകിയ ലിറ്റിൽ കൈറ്റ് മാസ്റ്റർ മാർക്കും മറ്റ് അധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

2022-25 ബാച്ച്

# ഉള്ളടക്കം

സ്കൂൾ ചരിത്രം
ആശംസ
എഡിറ്റോറിയൽ ബോർഡ്
വായനാ കുറിപ്പ് _ പാത്തുമ്മയുടെ ആട്
എരിയുന്ന പലസ്തീൻ- ലേഖനം
വായനാ കുറിപ്പ്_ നെയ്പ്പായസം
പ്രകൃതി സൗന്ദര്യവും കലാസൗന്ദര്യവും
അനുഭവക്കുറിപ്പ് - പ്രവേശനോത്സവം
പ്ലാസ്റ്റിക് മലിനീകരണം- ലേഖനം
അനുഭവക്കുറിപ്പ്
കവിത- ലഹരിയുടെ മക്കൾ
കവിത- വേനലുകളുടെ ഉപമ
കവിത- ഉത്തമ പുരുഷൻ
സ്കൂൾ വിശേഷങ്ങളിലൂടെ...
പ്രവേശനോത്സവം
പരിസ്ഥിതി ദിനം
വായനാ ദിനം
യോഗ ദിനം
ചലച്ചിത്രോത്സവം- കാഴ്ച
പുസ്തക പ്രകാശനം
ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ്
സ്കൂൾ ബസ് ഉദ്ഘാടനം
ഫ്രീഡം ഫെസ്റ്റ്
സബ് ജില്ലാ ക്യാമ്പ്

# സ്ക്കൂൾ ചരിത്രം

1957 ജൂലൈ 14 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. 17-7-1957ന് ശ്രീ. ആദി നാരായണ അയ്യർ ആദ്യ പ്രധാന അദ്ധ്യാപകനായി ചുമതലയേറ്റു.. ആദ്യത്തെ കെട്ടിടം ഉൽഘാടനം ചെയ്തത് 1959- ൽ ആയിരുന്നു.ബഹു. മന്ത്രി ശ്രീ. പി.കെ ചാത്തൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ബഹു. മന്ത്രി ശ്രീ കെ.പി ഗോപാലനാണ് ഉദ്ഘാടനം നിർവഹിച്ചത്.ജ.പോക്കു ഹാജിയുടെ കടയുടെ മുകളിലാണ് ആദ്യ ക്ലാസ് ആരംഭിച്ചത്. 1987 -ൽ വിദ്യാലയത്തിന്റെ ഇപ്പോൾ നിലവിലുള്ള പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. 1990-ൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു.

# ആശംസ



2022- 25 വർഷത്തെ ലിറ്റിൽ കൈറ്റ് ബാച്ചിലെ കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും അറിയിക്കുന്നു

ഹെഡ് മിസ്ട്രസ്

ലിന്റമ്മ ജോൺ

# ആശംസ



2023 -24 വർഷത്തെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾ ആയ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും അറിയിച്ചുകൊള്ളുന്നു.

പ്രിൻസിപ്പാൾ

പ്രദീപ് കുമാർ

# ആശംസ



ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഡിജിറ്റൽ മാഗസിന് എന്റെ ആശംസകൾ.

മുസ്തഫ. പി

പി ടി എ പ്രസിഡന്റ്

# Editorial board



ASHISH RAJ M



BHAGYALAKSHMI SREEJITH



SOORYADEV P P

OUR KITE MISTRESS'




RASHREE.MV



SWAPNALEKHA

# വായനാക്കുറിപ്പ്

പാത്തുമ്മയുടെ ആട്
വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ ഒരു നോവലാണ് പാത്തുമ്മയുടെ ആട്.1959ൽ പ്രസിദ്ധീകരിച്ച ഈ നോവലിൽ പെണ്ണുങ്ങളുടെ ബുദ്ധി എന്നപേരും ഗ്രന്ഥകർത്താവ് നിർദേശിച്ചിട്ടുണ്ട്. തന്നെ മാനസിക അസുഖത്തിന് ചികിത്സയും വിശ്രമവുമായി വലുക്ക തലയോലപ്പറമ്പിൽ തന്റെ കുടുംബവീട്ടിൽ കഴിയാതെ 1954 ൽ ആണ് ബഷീർ ഇത് എഴുതുന്നത്.
ബഷീറിന്റെ അമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന കുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവ വികാസങ്ങൾ വിവരിച്ചിരിക്കുകയാണ് ബഷീർ ഈ നോവലിൽ
ആ വീട്ടിലെ ഓരോ കുടുംബാംഗവും എന്നുവേണ്ട ബഷീറിന്റെ സഹോദരി വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രമാണ്. പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിന്റെ കഥ ബഷീറിന്റെ രണ്ട് സഹോദരിമാരിൽ മൂത്തത് പാത്തുമ്മയാണ് പാത്തുമ്മയും ഭർത്താവുംകൊച്ചുണ്ണിയുംഖദീജ



എന്നൊരു മകളുമുണ്ട്.
ബഷീറിന്റെ സഹോദരങ്ങളിൽ തറവാട്ടിൽ നിന്നും മാറിനിൽക്കുന്നത് ഫാത്തിമ മാത്രമാണ് എന്താണ് ബഷീർ എപ്പോഴും പറയുന്നത്.
പാത്തുമ്മ എപ്പോഴും പറയുന്ന വാക്കുണ്ട് എന്റെ ആട് പെറട്ടെ  അപ്പൊ കാണാം വിദ്യാഭ്യാസം ഒന്നുമില്ല എങ്കിലും കുടുംബത്തിന്റെ വളർച്ചയ്ക്ക് വേണ്ടി കഠിനാധ്വാനം ചെയ്യുന്ന ഒരു സ്ത്രീയാണ് അവർ.

ദേവതീർഥ കെ  9c

# എരിയുന്ന പലസ്തീൻ

പലസ്തീൻ നിരപരാധികളായ കുട്ടികളെയും സ്ത്രീകളെയും കൊന്നൊടുക്കുകയാണ് ഇസ്രയേൽ . പ ലസ്തീനിന്റെ കഥ കൂട്ടുകാർ കേട്ടിട്ടുണ്ടോ ?



ഒരു പരമാധികാര രാഷ്ട്രമാണ് പലസ്തീൻ. കാലങ്ങളായി അറബികൾ സന്തോഷത്തോടെ താമസിച്ചിരുന്ന സ്ഥലം. 1881 ഓട്ടോമാൻ ഭരണകാലത്ത് ഈ മണ്ണിൽ ആദ്യത്തെ ജൂത കൊടിയേറ്റം ഉണ്ടായത് . വ്യത്യസ്തമായ പ്രദേശങ്ങളിൽ നിന്നും വന്ന ഇവർ വില കൊടുത്തും ഉന്നതന്മാരെ സ്വാധീനിച്ചും ഭൂപ്രദേശങ്ങൾ കൈക്കലാക്കി. അറബികളായ പലസ്തീനുകാർ ആടുമേക്കുന്നവരായിരുന്നു. വിശാലമായ മേച്ചിൽ പുറങ്ങളിൽ അവർ സഞ്ചരിച്ചു മുസ്ലിംകൾ പവിത്രമായി കാണുന്ന അൽ അഖ്സമസ്ജിദും ജെറുസലേം നഗരവും സ്ഥിതിചെയ്യുന്നത് പലസ്റ്റീനിലാണ്. 1917 നവംബറിൽ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ആർഫോർ പലസ്തീനിൽ ജൂത ജനതയ്ക്ക് ഒരു ദേശഭവനം സ്ഥാപിക്കുന്നതിനായി പ്രഖ്യാപിച്ചു ഇതോടെ പലസ്തീനിലേക്കുള്ള ജൂത കുടിയേറ്റരിൽ വർദ്ധനവ് ഉണ്ടായി. 1918 ൽ ഏഴ് ശതമാനം മാത്രം ഉണ്ടായിരുന്ന പലസ്തീനിലെ ജൂതന്മാർ 1947 ആയപ്പോഴേക്കും 37 ശതമാനം വർദ്ധിച്ചു 1948 ഫലസ്തീനിനെ കയ്യൊഴിഞ്ഞു ഈ സമയത്താണ് ജൂതരാഷ്ട്രം രൂപീകരിക്കാൻ പാശ്ചാത്യശക്തികൾ ചേർന്ന് തീരുമാനിച്ചത് . സമാധാനം പുലർന്ന നാളുകൾക്കായി നമുക്ക് പ്രാർത്ഥനയോടെ കാത്തിരിക്കാം.

Muhammad nihal 9C

# വായനക്കുറിപ്പ്

## നെയ് പായസം

മാധവിക്കുട്ടി

ലളിതമായ ഭാഷയിലൂടെ വായനക്കാരെ തന്നിലേക്ക് ചേർത്തുനിർത്താനുള്ള കഴിവ് ആമി എന്ന പേരിൽ അറിയപ്പെടുന്ന മാധവിക്കുട്ടിക്കുണ്ട്. മാധവിക്കുട്ടിയുടെ നെയ്പ്പായസം എന്ന കഥ ഏറെ മധുരിക്കുന്നതാണെ ങ്കിലും ആ കഥ വായിച്ചു കഴിയുമ്പോൾ ഹൃദയം നുറുങ്ങുന്ന വേദനയാണ് അനുഭവപ്പെടുന്നത്. നെയ്യ്പായസം എന്ന കഥ അമ്മയുടെ സ്നേഹത്തിന്റെയും ഒരു പുരുഷന്റെ നഷ്ടത്തിന്റെയും പ്രതീകമാണ്.




ഗൃഹനാഥയുടെ അപ്രതീക്ഷിതമായ വിയോഗം ഗൃഹനാഥന്റെ ജീവിതത്തിൽ ഉണ്ടാക്കിയ ആഘാതം വളരെ വലുതാണ്. നഷ്ടപ്പെട്ടു പോകുമ്പോൾ ആണ് നഷ്ടപ്പെട്ടത് എത്ര വലുതാണെന്ന് നാം ആലോചിക്കുന്നത് നമ്മോട് ചേർന്ന് നിൽക്കുന്നവർ ഒരു വാക്കുപോലും പറയാതെപോകുമ്പോൾഉണ്ടാകുന്ന ശൂന്യത പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്.

ചുരുങ്ങിയ തോതിൽ ശവദാഹം നടത്തി അദ്ദേഹം മടങ്ങി വരുമ്പോൾ ഓർമ്മകളിലേക്ക് മടങ്ങി വരികയാണ്. "മൂടി പുതച്ച് കിടന്നാപ്പറ്റ്വേ ഉണ്ണീ ഇന്ന്തിങ്കളാഴ്ചയല്ലേ" എന്ന അവരുടെ വാക്കുകൾ ഈശ്വര നാമം പോലെ അദ്ദേഹം മന്ത്രിച്ചു. അവരതിനുശേഷം പറഞ്ഞതൊന്നും അദ്ദേഹത്തിന് ഓർത്തെടുക്കാൻ ആകുന്നില്ല. അദ്ദേഹത്തിന്റെ മനസ്സിൽ അവരുടെ അവസാന വാക്കുകൾ ആയി മുഴങ്ങുന്നത് അതുമാത്രമാണ്. നമ്മളൊക്കെ അങ്ങനെയാണ് പലതും, പലപ്പോഴും നാം ശ്രദ്ധിക്കാറില്ല. കാരണം, അപ്രതീക്ഷിതമായി ആരും പോവില്ല എന്ന ഉറപ്പ് മനസ്സിലുള്ളതുകൊണ്ടാവാം.

ഒരു ഇടത്തരം കുടുംബം ആയിരുന്നു അവരുടേത് . കുറച്ച് കാലത്തെ അനുരാഗത്തിനുശേഷം ആണ് വിവാഹം എന്ന് അദ്ദേഹം തന്നെ പറയുന്നുണ്ട് രണ്ടുപേർക്ക് കയറിനിൽക്കാൻ പറ്റുന്ന ഒരു ചെറിയ ഫ്ലാറ്റിൽ ആണ് അവരുടെ താമസം. പിന്നീട് അവർക്ക് മൂന്നു കുട്ടികൾ പിറന്നു.

അമ്മ മരിക്കുമ്പോൾ ഉണ്ണിക്കു പത്തു വയസ്സും, ബാലന് ഏഴു വയസ്സ്, രാജുന് അഞ്ചുവയസ്സുമായിരുന്നു. മരണം എന്തെന്നുപോലും കുട്ടികൾക്ക് അറിയാത്ത പ്രായം . ചുമതലകൾ എല്ലാം തന്നെ ഏൽപ്പിച്ച് ഒന്നും പറയാതെ ഒരു ചൂലിനടുത്ത് മരിച്ചുവീണ ഭാര്യയോട് അയാൾക്ക് ഇടയ്ക്ക് അകാരണമായ ദേഷ്യം തോന്നി. അവിടെയൊക്കെ കഥാകാരി ഒരു സ്ത്രീക്ക് കുടുംബത്തിലുള്ള ഉത്തരവാദിത്വം എന്താണ് എന്നാണ് കാണിച്ചുതരുന്നത്. അവരുടെ യാത്ര കുടുംബത്തെ എത്ര ശൂന്യമാക്കിയിരുന്നു എന്ന് കഥയിലൂടെ നമുക്ക് മനസ്സിലാക്കാം.

"എന്റെ ഭാര്യ ഹൃദയാഘാതം മൂലം മരണപ്പെട്ടു, അതിനാൽ രണ്ടുദിവസത്തെ ലീവ് എനിക്ക് അനുവദിച്ചു തരണ"മെന്നുള്ള അദ്ദേഹത്തിന്റെ അഭ്യർത്ഥന ഓരോ വായനക്കാരിലും വേദനയുളവാക്കുന്നതാണ്.

തന്റെ മക്കളെ ഡോക്ടറും എൻജിനീയറും പട്ടാളക്കാരനും ഒക്കെ ആക്കണമെന്നുള്ള മോഹം കൂടി ബാക്കി വെച്ചാണ് അവർ മരിച്ചത്.

ശവദാഹം കഴിഞ്ഞ് അദ്ദേഹം വീട്ടിലെത്തിയപ്പോൾ കുട്ടികൾ ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. കഥയുടെ അവസാനം ഓരോ വായനക്കാരെയും വേദനിപ്പിച്ചു കൊണ്ടാണ് കടന്നുപോകുന്നത്. ചൂലിനടുത്ത് അമ്മ തളർന്നു വീഴുന്നതിനു മുൻപ് അമ്മയുണ്ടാക്കിയ ചപ്പാത്തിയും ചോറും കറികളും പിന്നെ ഒരു സ്ഫടികപാത്രത്തിൽ നെയ്പ്പായസവും അതേപടി അവിടെത്തന്നെയുണ്ട്. ഒടുവിൽ അയാൾ അമ്മയുടെ മരണം തിരിച്ചറിയാത്ത ആ കുഞ്ഞുങ്ങൾക്ക് അത് നൽകാൻ തീരുമാനിച്ചു .ഇനി ഒരിക്കലും അമ്മ ഉണ്ടാക്കിയ ഭക്ഷണം അവർക്ക് കഴിക്കാൻ കഴിയില്ലല്ലോ. അമ്മയുടെ വാത്സല്യവും സ്നേഹവും നിറഞ്ഞുതുളുമ്പുന്ന നെയ്പ്പായസമാണ് അവർ എടുത്തു കഴിച്ചത്. "സത്യത്തിന് ഒരു ദിവസം കാക്കുവാനുള്ള ക്ഷമ ഉണ്ടാവട്ടെ" എന്ന് പറഞ്ഞുകൊണ്ട് അയാൾ കണ്ണുനീർ മറച്ചുപിടിച്ച് കുളിമുറിയിലേക്ക് കടന്നുപോകുന്നയിടത്താണ് കഥ അവസാനിക്കുന്നത്.

ഹൃദയത്തെ ഇത്രമേൽ സ്പർശിച്ച ഒരു ചെറുകഥ അപൂർവ്വമാണ്. ഓരോ വായനക്കാരന്റെയും മനസ്സിൽ സങ്കടങ്ങൾ നിറച്ചു കൊണ്ടാണ് ഈ കഥ കടന്നു പോകുന്നത്.

# പ്രകൃതി സൗന്ദര്യവും കലാസൗന്ദര്യവും

പ്രകൃതി നിമിഷംതോറും മാറിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെ ഓരോ ഭാവവും ക്ഷണികമാണ്. നിരന്തരം മാറിക്കൊണ്ടിരിക്കുക എന്നത് പ്രകൃതിയുടെ അടിസ്ഥാന ഭാവമാണ് പ്രകൃതിയുടെ എല്ലാ ഭാവങ്ങളിലും സൗന്ദര്യം കാണാനാകില്ല, കേവലമായ സൗന്ദര്യം അപൂർവമായി മാത്രമേ പ്രകൃതിയിൽ കാണാൻ കഴിയും എന്നാൽ പ്രകൃതിയുടെ ആ സൗന്ദര്യം ഒരു ചിത്രമായി മാറുമ്പോൾ യഥാർത്ഥ കാഴ്ചയേക്കാൾ സൗന്ദര്യം അതിനു കൈവരുന്നു .അതാണ് കലാസൗന്ദര്യത്തിന്റെ മികവ് ആ ചിത്രത്തിന് ആകട്ടെ പിന്നീട് യാതൊരു മാറ്റവും സംഭവിക്കില്ല . പ്രകൃതിയിൽ ആ സൗന്ദര്യം പിന്നീട് ഒരിക്കലും ഉണ്ടാകണമെന്നില്ല എന്നാൽ ചിത്രകലയിലൂടെ ആ ദൃശം എന്നും നിലനിൽക്കുന്നതായി കാണാം. കലാസൃഷ്ടിക്ക് പ്രേരകമായ അനുഭൂതി പ്രകൃതയിൽ നിന്ന് ലഭിച്ചതാണെങ്കിലും അതിൽ കലാകാരന്മാർ നൂതനമായ ഒരു അംശം കലർത്തിയാണ് സൃഷ്ടിച്ചിരിക്കുന്നത്. കലാകാരന്റെ ഭാവനയാണിത്. പ്രകൃതിയിലെ എല്ലാ കാഴ്ചകളിലും സുന്ദരമല്ല, പ്രകൃതിയിലെ ദുഃഖകരവും ഭയപ്പെടുത്തുന്നതുമായ അനുഭവങ്ങൾ പോലും കലയിലൂടെ സുന്ദരമാകുന്നു. ഖനികളിൽ നിന്നും കുഴിച്ചെടുക്കുന്ന സ്വർണം അതേപോലെതന്നെ ആഭരണങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കാറില്ല, അനേകം ശുദ്ധീകരണ പ്രക്രിയയിലൂടെ മാത്രമേ സ്വർണം മൂല്യമുള്ളതായി തീരു. അതുപോലെ പ്രകൃതി സൗന്ദര്യത്തിനും ഒട്ടേറെ കലർപ്പുകൾ ഉണ്ട്. ഇത് കലയിലൂടെ മാറ്റപ്പെടുന്ന പ്രകൃതിയുടെ സുന്ദരഭാവം മാത്രം ആസ്വാദകർക്ക് മുമ്പിൽ ദൃശ്യമാകുന്നു.



# പ്രവേശനോത്സവം

"നാളെ സ്ക്കൂൾ തുറക്കുന്ന ദിവസമാണ്. എല്ലാവരും പുത്തനുടുപ്പും പുള്ളിക്കുടയും, പുതിയ ബാഗും, ബോക്സുമായിട്ടാണ് പ്രവേശനോത്സവത്തിന് വരിക. എന്നാൽ ഞാനോ? എനിക്കിതൊക്കെ വാങ്ങി തരാൻ അച്ഛനില്ലല്ലോ?വീട്ട് ജോലിക്ക് പോയി കിട്ടുന്ന പൈസ കൊണ്ട് മുത്തശ്ശിക്ക് മരുന്നും വീട്ടിലെ കാര്യങ്ങളും അമ്മയ്ക്ക് നടത്തേണ്ടേ? ആ അമ്മയോട് ഞാൻ എങ്ങനെ പറയും?"കീറിപ്പറിഞ്ഞ ബാഗും കൈയ്യിൽ പിടിച്ച് അകലേക്ക് നോക്കി മണിക്കുട്ടി ആരോടെന്നില്ലാതെ പറഞ്ഞു." അച്ഛനുള്ളപ്പോൾ എല്ലാ വർഷവും ഉടുപ്പും ബാഗുമൊക്കെ വാങ്ങാറുണ്ടായിരുന്നു". എന്നാൽ കഴിഞ്ഞ വർഷം മണിക്കുട്ടിയുടെ അച്ഛൻ മരിച്ചു പോയി. ഒന്നുമറിയാതെ അവളുടെ അനിയൻ അച്ഛനെ കാത്ത് എന്നും ഉമ്മറപ്പടിയിൽ ഇരിക്കാറുണ്ട്. പണി കഴിഞ്ഞ് വരുന്ന അച്ഛൻ കൊണ്ട് വരുന്ന മിഠായി പൊതി കാത്ത്' കുറേ നാൾ കഴിഞ്ഞപ്പോൾ അവനു മനസ്സിലായി ഇനി ആ പടി കടന്ന് അച്ഛൻ വരില്ലെന്ന്. ചില രാത്രികളിൽ അവൻ കരയാറുണ്ട് . അപ്പോൾ അച്ഛൻ പാടാറുള്ള പാട്ടുപാടി അവൾ അവനെ കെട്ടി പിടിക്കും.

" മണിക്കുട്ടീ ...." ആ വിളി കേട്ട് അവൾ ചിന്തയിൽ നിന്നുണർന്നു . നോക്കുമ്പോൾ അവൾക്കും അനിയനും ബാഗും പുത്തനുടുപ്പുമായി അമ്മ വാതിൽക്കൽ നിൽക്കുന്നു. അവൾ ഓടി വന്ന് എല്ലാം തുറന്നു നോക്കി . സന്തോഷത്തോടെ അവൾ അമ്മയെ ചുറ്റിപ്പിടിച്ചു . നാളെ പ്രവേശനോത്സവത്തിന് അവൾക്കും പുത്തനുടുപ്പിടാം ,പുതിയ ബാഗെടുക്കാം സന്തോഷം കൊണ്ടവൾ തുള്ളിച്ചാടി.

ഗാഥ . എ 8 H

# പ്ലാസ്റ്റിക് മലിനീകരണം

പ്ലാസ്റ്റിക് മലിനീകരണം ആഗോള പ്രശ്നമായി മാറുകയാണ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വസ്തുക്കളിൽ ഒന്നായി പ്ലാസ്റ്റിക് മാറിയിരിക്കുന്നു. സൂപ്പർമാർക്കറ്റുകൾ മുതൽ സാധാരണ വീടുകളിൽ വരെ ഇക്കാലത്ത് എല്ലായിടത്തും ഇത് കാണപ്പെടുന്നു. പ്ലാസ്റ്റിക് വളരെ വിലകുറഞ്ഞു ലഭിക്കുന്നു എന്നതാണ് പ്രധാനകാരണം. പേപ്പർ തുണി തുടങ്ങിയ അപേക്ഷിച്ചു ഇതിനു ചെലവ് കുറവാണ് അതുകൊണ്ട് ആണ് ഇത് വളരെ സാധാരണമായത്. രണ്ടാമതായി, ഇത് ഉപയോഗിക്കാൻ വളരെ എളുപ്പമാണ് ദ്രവമോ ഖരമോ എന്തിനും ഏതിനും പ്ലാസ്റ്റിക് ഉപയോഗിക്കാം. മാത്രമല്ല ഇത് നമുക്ക് എളുപ്പത്തിൽ വാർത്തെടുക്കാൻ കഴിയുന്ന വ്യത്യസ്ത രൂപങ്ങളിൽ വരുന്നു.



പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ആഘാതം

പ്ലാസ്റ്റിക് മലിനീകരണം മനുഷ്യരാശിയെയും വന്യജീവികളെയും ജലജീവികളെയും ഉൾപ്പെടെ മുഴുവൻ ഭൂമിയെയും ബാധിക്കുന്നു. മരുന്നില്ലാത്ത രോഗം പോലെ ഇത് പടരുകയാണ്. ഇത് നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന ഹാനികരമായ ആഘാതം എത്രയും വേഗം ഒഴിവാക്കാൻ നാമെല്ലാവരും ശ്രമിക്കണം. പ്ലാസ്റ്റിക് നമ്മുടെ ജലത്തെ മലിനമാക്കുന്നു. ഓരോ വർഷവും കണക്കില്ലാത്ത പ്ലാസ്റ്റിക്കാണ് കടലിലേക്ക് തള്ളുന്നത്. പ്ലാസ്റ്റിക് ലയിക്കാത്തതിനാൽ അത് വെള്ളത്തിൽ തന്നെ തുടരുന്നു. അതുവഴി അതിന്റെ ശുദ്ധതയെ തടസ്സപ്പെടുത്തുന്നു. ഇതിനർത്ഥം വരും വർഷങ്ങളിൽ നമുക്ക് ശുദ്ധജലം ലഭിക്കില്ല എന്നാണ്. കൂടാതെ പ്ലാസ്റ്റിക് നമ്മുടെ ഭൂമിയെയും മലിനമാക്കുന്നു. മനുഷ്യർ മാലിന്യം തള്ളുമ്പോൾ മണ്ണിനു കേടുപാടുകൾ സംഭവിക്കുന്നു .

ഇതുകൂടാതെ രോഗവാഹകരായ പ്രാണികൾ ആ പ്രദേശത്ത് ക്രമാതീതമായി വർദ്ധിക്കുകയും മാരകമായ രോഗങ്ങൾ ഉണ്ടാക്കുകയും ചെയ്യും പ്ലാസ്റ്റിക് നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഇത് തടയാൻ നാം പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം തുണിസഞ്ചികൾ ,പേപ്പർ ബാഗുകൾ തുടങ്ങിയ സാധനങ്ങൾ ഉപയോഗിക്കണം. പ്ലാസ്റ്റിക് വാങ്ങുകയാണെങ്കിൽ അത് വീണ്ടും ഉപയോഗിക്കണം . പ്ലാസ്റ്റിക് മലിനീകരണത്തിന് വലിയ പങ്കുവഹിക്കുന്ന ബോട്ടിൽവെള്ളം കുടിക്കുന്നത് നാം ഒഴിവാക്കണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം സർക്കാർ നിരോധിക്കണം . l ഇങ്ങനെയെല്ലാം പ്ലാസ്റ്റിക് മലിനീകരണം വലിയൊരു അളവിൽ തടയാൻ ആകും

Fathima Laiba

# അനുഭവക്കുറിപ്പ്

മഴക്കാലത്ത് എന്റെ വീടിനടുത്തുള്ള ഒരു ചെറിയ തോട്ടിൽ നിറയെ വെള്ളം ഉണ്ടാകും. അതിൽ കുഞ്ഞു കുഞ്ഞു മീനുകളും മീനുകളെ പോലെ തോന്നുന്ന തവളക്കുഞ്ഞുങ്ങളും പായലുകളും ഉണ്ടാകും.

ഞാൻ മൂന്നാം ക്ലാസിൽ പഠിക്കുന്ന സമയത്ത്, അതിലെ മീനുകളെ പിടിക്കാൻ ഞാൻ എന്റെ കൂട്ടുകാരിയെയും കൂട്ടി സ്കൂൾ വിട്ടു വന്ന ഉടനെ തോട്ടിലേക്ക് ഓടും. കയ്യിലൊരു ബക്കറ്റും പഴയ തോർത്തും ഉണ്ടാകും. ആരും കാണാതെ വെള്ളത്തിലിറങ്ങി മീനുകളെ പിടിക്കും . വെള്ളത്തിൽ ഇറങ്ങുമ്പോൾ തന്നെ മീനുകളെല്ലാം നമ്മളെ വട്ടമിട്ട് ഇക്കിളി ഇടാറുണ്ട് .

പിടിച്ച മീനുകളെ എടുത്ത് അപ്പോൾ തന്നെ ബക്കറ്റിലെ വെള്ളത്തിലേക്ക് ഇടും. മീനാണെന്നു കരുതി തവള കുഞ്ഞുങ്ങളെയും ചിലപ്പോഴൊക്കെ എടുത്ത് ബക്കറ്റിലേക്ക് ഇടാറുണ്ട് . വെള്ളം നിറയെ അഴുക്ക് ആയതുകൊണ്ട് ആരും വെള്ളത്തിലിറങ്ങാൻ സമ്മതിക്കാറില്ല. അതുകൊണ്ട് തന്നെ അമ്മ വഴക്ക് പറയും. അമ്മയുടെ വടിയുമെടുത്തുള്ള വരവ് അങ്ങ് ദൂരെ നിന്നു തന്നെ കാണാൻ കഴിയും. അത് കാണുമ്പോൾ തന്നെ ഞാനും കൂട്ടുകാരിയും കിട്ടിയ മീനുകളുമായി വീട്ടിലേക്ക് ഒറ്റ ഓട്ടമാണ്. വീട്ടിൽ ചെന്ന് ഒരു ഗ്ലാസിന്റെ കുപ്പി  തപ്പിയെടുത്തു കഴുകി വൃത്തിയാക്കി അതിൽ വെള്ളം നിറച്ച്, കളർ കല്ലുകളും മറ്റും ഇട്ട് നല്ല ഭംഗിയാക്കി മീനുകളെ അതിലിടും. അതിനകത്ത് കിടന്നു നീന്തി കളിക്കുന്ന മീനുകളെ കാണാൻ പ്രത്യേക രസമാണ്. പക്ഷേ ആ സന്തോഷം ആ ദിവസം മാത്രമാണ് നിലനിൽക്കുന്നത്. പിറ്റേദിവസം സ്കൂൾ വിട്ടു വന്നു നോക്കുമ്പോഴേ അവയൊക്കെ ചത്തു പോയിരിക്കും. അപ്പോൾ മനസ്സിൽ ഏറെ വിഷമം തോന്നിയിരുന്നു.

Angitha.v .v

# ലഹരിയുടെ മക്കൾ

ലഹരി ... ലഹരി... ലഹരി...

മർത്യന്റെ മരണമണി

മരണത്തിൽ കൂട്ടമണി

കേൾക്കു നിങ്ങളീ മുഴക്കം

ജീവന്റെ വിലയറിയൂ

ജീവിതമാം ലഹരി ആസ്വദിക്കൂ....

ലഹരി... ലഹരി... ലഹരി...

രക്ത ബന്ധങ്ങൾ പോലും

പിഴുതെറിയുന്ന യുവാക്കളെ....

മറക്കൂ ഈ ലഹരിയെ.

ലഹരിയുടെ കുരുതി

മനുഷ്യന്റെ ജീവിതം

ഇതാ മാറുന്നു

മനുഷ്യനേ മാറി

ലോകമേ മാറി

ദൈവത്തിന്റെ മക്കൾ

ലഹരിയുടെ മക്കൾ

മരണത്തിനായിതാ കുറുക്കുവഴി

ലഹരി ... ലഹരി .... ലഹരി....

ലഹരിയുടെ വാതിൽ

നിനക്കായ് തുറക്കും പുസ്തക ലഹരി

# വേനലുകളുടെ ഉപമ

പണ്ട് കൊഴിഞ്ഞ ഞാവൽ ഇലകളുടെ
ഉച്ചക്കാറ്റ് കുന്നുകേറും നേരം ചോറുണ്ട്
ചിറി  തുടച്ച് ഞങ്ങളുടെ പെണ്ണുങ്ങൾ
ചമ്മലടിക്കാൻ കുന്ന് കേറും
എന്റെ വേനൽ ഓർമ്മകൾ എല്ലാം
കുന്നിന്റെ ഓർമ്മകൾ കൂടിയാണ്
എല്ലാ വേനലിലേക്കും ഒറ്റക്ക് നടന്ന്തുടങ്ങുന്ന
എന്നെ കുന്ന് മടിയിൽ ഇരിക്കുന്നു
വേനലുകളുടെ  ഓർമ്മ കുട്ടിക്കാലത്തെ
വിശപ്പിന്റെ കൂടിയായിരുന്നു
കുന്നുകയറുമ്പോൾ എല്ലാം ഞാവൽ പഴങ്ങൾ
മഴ പോലെ പൊഴിഞ്ഞു
മഞ്ഞയും ചുവപ്പും പറങ്കിമാങ്ങ വിശപ്പിലേക്ക് തൂങ്ങിയാടി
മഴമരങ്ങളെല്ലാം ഇലപൊഴിക്കുന്ന
കൊടും വേനലിൽ കാട് കത്തും പോൽ
ഇപ്പോഴും നിൽക്കുന്നു കുന്നിനോരത്ത്  പൂമരങ്ങൾ

Shivanath. K . K

# ഉത്തമ പുരുഷൻ

ഉത്തമപുരുഷനെ
വേറെ എവിടെയും
അന്വേഷിക്കേണ്ട...
ഇങ്ങോട്ട് വരൂ
എന്റെ മുഖത്തേക്ക്
നോക്കൂ
അതെ, ഞാനാണ്
സംശയിക്കേണ്ട
സ്ത്രീ ശാക്തീകരണ പ്രസംഗവും
പെൺകുട്ടികൾക്ക്
ബോധവൽക്കരണം
നടത്തുന്നതും
ഞാൻ തന്നെ.
ഉത്തമപുരുഷൻ
ഇവിടെയുണ്ട്,
ഇങ്ങോട്ട് നോക്കൂ
ഞാൻ വെറുതെ
വാചകം അടിക്കുന്ന
ആളല്ലെന്ന്
നിങ്ങൾക്കറിയാമല്ലോ...
ഞാനെന്റെ ഭാര്യയ്ക്ക്
വേണ്ടുവോളം സ്വാതന്ത്ര്യം
കൊടുക്കാറുണ്ട്.
മാന്യമായതും
ദേഹത്തെ പൊതിയുന്നതുമായ
വസ്ത്രം ധരിക്കാൻ
ഓർമിപ്പിക്കാറുണ്ട്.

അവൾ ഉണ്ടാക്കിയ
ഭക്ഷണത്തിലെ
കുറവുകൾ ചൂണ്ടിക്കാട്ടി
തിരുത്താറുണ്ട്.
ഉത്തമ പുരുഷൻ
ഇവിടെയുണ്ട്
ഇങ്ങോട്ടു നോക്കൂ
വീട് വൃത്തിയാക്കാൻ
മോപ്പും
പാചകം ചെയ്യാൻ
ഗ്യാസും
ഞാൻ കൃത്യമായി
എത്തിക്കാറുണ്ട്.
അവൾക്ക് കിട്ടിയ
ശമ്പളംധൂർത്തടിക്കാതിരിക്കാൻ
ഞാനാണ്
പണമിടപാട്
കൈകാര്യം ചെയ്യാറ്.
തെറ്റുകൾ കണ്ടാൽ
ഞാനിടയ്ക്കോരോരോ
തല്ലു കൊടുത്തു
അനുസരണ
പഠിപ്പിക്കാറുമുണ്ട്.
ഉത്തമപുരുഷൻ
ഇവിടെയുണ്ട്
ഇങ്ങോട്ട് നോക്കൂ.!

ARYANANDA .K

# സ്ക്രൂൾ

# വിശേഷങ്ങളിലൂടെ.......

## ജൂൺ 1 പ്രവേശനോത്സവം

പ്രവേശനോത്സവം

പഞ്ചായത്ത്

പ്രസിഡൻ്റ് ടി.ആർ

രാമചന്ദ്രൻ ഉദ്ഘാടനം

ചെയ്തു. പ്രിൻസിപ്പാൾ

കെ.



പ്രദീപൻ ,ഹെഡ്മിസ്ട്രസ് ലിൻറാമ്മ ജോൺ, പി.ടി.എ പ്രസിഡൻ്റ് പി മുസ്തഫ, വികസന സമിതി ചെയർമാൻ അരുൺ .എം, മദർ പി ടി എ പ്രസിഡൻ്റ് സിന്ധു, സീനിയർ അസിസ്റ്റൻ്റ് കെ.വി രാജൻ, സ്റ്റാഫ് സെക്രട്ടറി ഒ.പി മുസ്തഫ എന്നിവർ സംസാരിച്ചു.നവാഗതർക്ക് മധുരം വിതരണം ചെയ്തു.കുട്ടികളുടെ കലാപരിപാടിയുണ്ടായി.

# ജൂൺ 5 പരിസ്ഥിതി ദിനം

' പ്ലാസ്റ്റിക് നിർമാർജനം' ബോധവല്ക്കരണ ക്ലാസ്, ചിത്രരചന, ചെടികൾ നട്ടുപിടിപ്പിക്കൽ, ചെടി വിതരണം,ക്വിസ് മത്സരം, പരിസ്ഥിതി കവിതാലാപനം, പ്രഭാഷണം എന്നിവ നടത്തി.



# വായനാദിനം

വായനാദിനപരിപാടി
വായനാദിനവും, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനവും നടന്നു. ഫോക് ലോർ അവാർഡ് ജേതാവും, നാടൻപാട്ട് കലാകാരിയുമായ നളിനി പാണപ്പുഴ ഉദ്ഘാടനം നിർവഹിച്ചു.




# യോഗദിനം

യോഗ ദിനം
ജൂൺ 21 യോഗദിനത്തിൽ യോഗ പ്രദർശനം നടന്നു. കായികാധ്യാപിക എ.കെ ജയശ്രീ നേതൃത്വം നല്കി. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് 3 ദിവസം ശ്രീരാമകൃഷ്ണ മിഷന്റെ സഹകരണത്തോടെ യോഗ പരിശീലനം നല്കി.



ചലച്ചിത്രോത്സവം - കാഴ്ച

ഭാഷാ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ജൂലൈ 22 ന് പത്താം തരത്തിലെ കുട്ടികൾക്കായി ഏകദിന ചലച്ചിത്രോത്സവം സംഘടിപ്പിച്ചു.പ്രശസ്ത സംവിധായകനായ സന്തോഷ് മണ്ടൂർ ഉദ്ഘാടനം ചെയ്തു.




5 തിയേറ്ററിൽ വ്യത്യസ്ത ചിത്രങ്ങൾ പ്രദർശിപ്പിച്ചു. സിനിമ ചർച്ചയും നടന്നു.

## പുസ്തകപ്രകാശനം


ജനു: 6.



സി.പി.നാരായണൻ സ്മാരക ഗവ: ഹയർ സെക്കൻ്ററി സ്കൂളിലെ പത്താംതരം വിദ്യാർഥിനിയായ ആര്യനന്ദ കെ യുടെ മുടി എന്ന കവിതാ സമാഹാരം പ്രശസ്ത കവി പവിത്രൻ തീക്കുനി പ്രകാശനം ചെയ്തു. യൂറിക്ക അസോസിയേറ്റ് എഡിറ്റർ ശ്രീ പി.എം നാരായണൻ മാസ്റ്റർ പുസ്തകം പരിചയപ്പെടുത്തി. പ്രിൻസിപ്പൽ ശ്രീ പ്രദീപ് കുമാർ പി യുടെ



# Lk preliminary camp 2023-2024







# School bus inauguration



# freedom fest 2023-24








# sub district camp









THANKS FOR WATCHING